(ഇ) വിദ്യാഭ്യാസരംഗത്ത് നടക്കുന്ന ക്രമക്കേടുകളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്.

(ബി) ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണവും ചില കേസുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ അന്വേഷണവും നടത്തി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 1958 മുതൽ നൽകിയ ഈ അധികാരം സംബന്ധിച്ച് ഒറ്റപ്പെട്ട ചില ക്രമക്കേടുകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. അല്ലാതെ ഈ അധികാരം വ്യാപകമായി ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സി പാർട്ടിൽ നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള എല്ലാ ക്രമക്കേടുകളും അഴിമതി ആരോപണങ്ങളും അതാത് സമയം തന്നെ അന്വേഷണവിധേയമാക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗൗരവമായ പരാതികളും ക്രമക്കേടുകളും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെക്കൊണ്ട് അന്വേഷിപ്പിക്കാറുണ്ട്.

വിദ്യാഭ്യാസ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തുന്ന തുക

*19 [482] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

,, എ. സുജനപാൽ:

,, കെ. ബാബു:

,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ വിദ്യാഭ്യാസ വകുപ്പിനു വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര വീതമായിരുന്നു;

(ബി) ഈ വർഷങ്ങളിൽ വിദ്യാഭ്യാ,സ വകുപ്പിനുവേണ്ടിവന്ന യഥാർത്ഥ ചെലവ് എത്ര വീതമായിരുന്നു;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് ഈ വകുപ്പിനുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബഡ്ജറ്റ് രൂപീകരണ സമയത്ത് ഈ ചെലവ് ഉണ്ടാകുമെന്ന് കരുതാതിരിക്കാനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഇ) ഇപ്രകാരമുള്ള ചെലവുകൾ മുൻകൂട്ടി കാണാൻ കഴിയാത്തതിന്റെ ഫലമായി മേൽ പറഞ്ഞ ഓരോ വർഷവും ബഡ്ജറ്റ് അലോട്ട്മെന്റിന്റെ എത്ര ഇരട്ടി തുകയുടെ യഥാർത്ഥ ചെലവുണ്ടായിയെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) പൊതുവിദ്യാഭ്യാസത്തിന് 2002-2003-ൽ 2,55,680.91 ലക്ഷം രൂപയും 2003-2004-ൽ 2,46,553.04 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിവരം താഴെ ചേർക്കുന്നു.

2002-2003—43,524.57 ലക്ഷം രൂപ

2003-2004—47,347.54 ലക്ഷം രൂപ

(ബി) പൊതുവിദ്യാഭ്യാസത്തിനുവേണ്ടി 2002-2003-ൽ 2,35,638.18 ലക്ഷം രൂപയും 2003-2004-ൽ 2,86,242.22 ലക്ഷം രൂപയും ചെലവായിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിവരം താഴെ ചേർക്കുന്നു.

2002-2003—54,096.57 ലക്ഷം രൂപ

2003-2004—50,194.15 ലക്ഷം രൂപ

(സി ആന്റ് ഡി) ബഡ്ജറ്റ് തയ്യാറാക്കുന്ന അവസരങ്ങളിൽ ആ കാലയളവിൽ നിലനിൽക്കുന്ന ഉദ്യോഗസ്ഥ ഒഴിവുകളിലേക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ചേർക്കാറില്ല. തുടർന്ന് അത്തരം ഒഴിവുകൾ നികത്തുന്നതു കൊണ്ടും, ഡി. എ., ലീവ് സറണ്ടർ എന്നിവയ്ക്കുവേണ്ടിവരുന്ന ചെലവ് കൃത്യമായി മുൻകൂട്ടി നിശ്ചയിക്കാൻ സധിക്കാത്തതും പുതിയ നിയമനങ്ങൾ മൂലവും പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ ചെലവുകൾക്കിടയാകുന്നു. ഹയർ സെക്കന്ററി വകുപ്പിൽ 9,000 അദ്ധ്യാപകരുടെ തസ്തികകൾ 2001-ൽ സൃഷ്ടിച്ചു. ഈ തസ്തികകളിൽ ഘട്ടം ഘട്ടമായിട്ടാണ് നിയമന അംഗീകാരവും ശമ്പള കുടിശ്ശികയും നൽകിയത്. കുടിശ്ശിക ക്ഷാമബത്ത പ്രഖ്യാപിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാകയാൽ ബഡ്ജറ്റ് രൂപീകരണ സമയത്ത് ഈ ചെലവ് ഉണ്ടാകുമെന്ന് കരുതാനാകില്ല.

(ഇ) പൊതുവിദ്യാഭ്യാസ വകുപ്പിന് 10% മുതൽ 15% വരെ അധികചിലവ് ഓരോ വർഷവും വന്നിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഓരോ വർഷവും ചിലയിനങ്ങളിൽ 5 മുതൽ 10 വരെ ശതമാനം വരെ വർദ്ധനവ് ഉണ്ടാകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly